ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. 3-4-2013-ലെ G.O(Rt)1538/13/പൊ.വി.വ. പ്രകാരം കോഴിക്കോട് നടക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ടി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളിനും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടം

94 (1171) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുന്നം ഹയർ സെക്കണ്ടറി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര കുന്നം ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയോ എസ്റ്റിമേറ്റോ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 400 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള പരിഗണനാ പട്ടികയിൽ ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്തൽ

95 (1172) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതു വിദ്യാലയങ്ങൾ എയ്ഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയ്ഡഡ് ആക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകൾ എയ്ഡഡാക്കുന്നതിലൂടെയുള്ള കോഴ ആരോപണം ഒഴിവാക്കാൻ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി 28-4-2014-ലെ സ.ഉ.(പി)69/14.പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും 15-5-2015-ലെ സ.ഉ.(എംഎസ്.)116/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(സി) 15-5-2015-ലെ സ.ഉ.(എംഎസ്.)115/2015/പൊ.വി.വ., 25-08-2015-ലെ സ.ഉ.(എംഎസ്.)229/2015/പൊ.വി.വ., എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് എയ്ഡഡ് പദവി ലഭിക്കുന്നതിനായുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ...ടിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ സ...പൊതുവിദ്യാ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നില്ലായെന്ന പോരായ്മ പ...കുന്നതിന്റെ ഭാഗമായാണ് സവിശേഷ ശ്രദ്ധവേണ്ടി വരുന്ന മേഖല വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട്... നിയന്ത്രണം കൊണ്ടുവരുന്നതിനും ഇവർക്കായുള്ള ഭൗതിക പ...കുന്നതിനും തീരുമാനിച്ചിട്ടുള്ളത്. ഈ സ്കൂളുകൾ സർക്കാർ ...നതിലേക്ക് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

96 (1) ...ശ്രീ. കെ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ...രുപടി നൽകുമോ:

(എ) ...യർ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ...ളുമായും സന്നദ്ധസംഘടനകളും സ്വകാര്യ ട്രസ്റ്റുകളും നടത്തുന്ന സ്പെഷ്യൽ സ്...കാണ് എയ്ഡഡ് പദവി നൽകിയിരിക്കുന്നത്;

(ബി) ...ലയുമായ് ബന്ധപ്പെട്ടുണ്ടായ ...സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എ.ഡി.ജി.പി ...ക്കാര്യത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ...നിന്നുള്ള പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ...നാണ്. അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്...എയ്ഡഡ് മേഖലയിൽ ഇതിനോടകം നിലവിലുണ്ട്. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി 28-4-2014 ...സ.ഉ.(പി) 69/14 .പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് 2015-ൽ ...സ.ഉ.(എംഎസ്.)115/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന ...പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ...എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ ...നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ

---

* 'T' അടിവച്ചത് ...യുടെ ചിഹ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly